# അക്കാദമിക മാസ്റ്റർ പ്ലാൻ 2025- 26




## ഗവ.ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ പുതുപ്പള്ളി

# ആമുഖം

കോട്ടയം ജില്ലയിലെ പുതുപ്പള്ളി ഗ്രാമപഞ്ചായത്തിലാണ് ഗവൺമെന്റ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ സ്ഥിതി ചെയ്യുന്നത്. ശതാബ്ദങ്ങൾക്കപ്പുറമുള്ള ചരിത്രം പറയാനുണ്ട് ഈ സ്കൂളിന്. സെന്റ് ജോർജ് സ്കൂളിന്റെ സമീപത്തായി സർക്കാരിന്റെ അധീനതയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു പ്രൈമറി സ്കൂൾ ആയിരുന്നു ഇത്. കാലക്രമേണ മറ്റൊരു സ്ഥലത്ത് പ്രവർത്തിച്ചിരുന്ന പെൺ പള്ളിക്കുടവുമായി ചേർന്ന് 1964 ൽ ഇത് പുതുപ്പള്ളി ഗവൺമെന്റ് യു.പി സ്കൂൾ ആയി ഉയർത്തപ്പെട്ടു. കളരിക്കൽ ദേവീക്ഷേത്രത്തിനോട് ചേർന്നുള്ള ഈ കുന്ന് 'അമ്മുകുന്ന്' എന്നറിയപ്പെട്ടിരുന്നതിനാൽ പിന്നീട് ഈ സ്കൂൾ 'അമ്മുകുന്ന്' സ്കൂളായി ഖ്യാതി നേടി.

ഒരു പ്രൈമറി സ്കൂളിന്റെ പരിമിതിയിലൂടെ വളർന്ന് ഈ വിദ്യാലയം 1998ൽ ഹയർസെക്കൻഡറി സ്കൂളായി ഉയർത്തപ്പെട്ടു. പരിമിത സാഹചര്യങ്ങളെയൊക്കെ തരണം ചെയ്തു ഇപ്പോൾ ഹയർസെക്കൻഡറിക്ക് 96 ലക്ഷം രൂപ ചെലവ് ചെയ്ത് സർക്കാർ പുതിയൊരു കെട്ടിടവും പണികഴിപ്പിച്ചു. ഭൗതിക മികവിൽ പിന്നിലാണെങ്കിലും അക്കാദമിക മികവിൽ മുന്നിട്ടുനിൽക്കുന്ന ഈ വിദ്യാലയം കഴിഞ്ഞ 19 വർഷമായി എസ്.എസ്.എൽ.സി.ക്ക് 100% വിജയം കൈവരിക്കുന്നതിനോടൊപ്പം പാഠ്യാനുബന്ധ പ്രവർത്തനങ്ങളിലും മികവ് നേടിക്കൊണ്ടിരിക്കുന്നു.പ്ലസ് ടു വിഭാഗത്തിലെ വിജയം ശതമാനം 80 ശതമാനത്തിൽ അധികമാണെന്നുള്ളതും എടുത്തു പറയേണ്ട വസ്തുതയാണ് .

അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. സാമൂഹിക പ്രതിബദ്ധതയുള്ള അധ്യാപകരുടെയും വിദ്യാലയത്തിന്റെ അഭ്യുദയകാംക്ഷികളായ പി.ടി.എ.യുടെയും കൂട്ടായ പ്രവർത്തനങ്ങളുമാണ് വിദ്യാലയത്തിന്റെ വിജയം. ജില്ലാ പഞ്ചായത്ത്, എസ്. എസ്. കെ. എന്നിവയുടെ പിന്തുണയും സഹായങ്ങളും എടുത്തു പറയേണ്ടതു തന്നെയായിരുന്നു. ഒപ്പം ബഹു. എം.എൽ.എ ശ്രീ. ഉമ്മൻ ചാണ്ടി, ബഹുമാനപ്പെട്ട എം.പിമാർ ഇവരുടെയെല്ലാം ഫണ്ടുകളും ഏറെ പ്രയോജനമായിട്ടുണ്ട്. പ്രാദേശികമായ അൺ എയ്ഡഡ് സ്കൂളുകളുടെ ആധിക്യം ഈ വിദ്യാലയത്തെ

വളരെയധികം ബാധിച്ചിട്ടുണ്ട് എങ്കിലും ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കി കൊണ്ട് അക്കാദമിക രംഗത്തും, കായിക രംഗത്തും, കലാരംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കുവാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം പ്രാവർത്തികമാക്കാൻ വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ സ്കൂളിന് കഴിയുന്നു. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിലിംഗ് നൽകി പഠനത്തിന് സാഹചര്യമൊരുക്കുന്നു.

ഗുണമേന്മയുള്ള വിദ്യാഭ്യാസം സാധ്യമാക്കുന്നതിനും ഗുണപരമായ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനുമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകുവാനും നാളെയുടെ വാഗ്ദാനങ്ങളായി അവരെ മാറ്റുവാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കട്ടെ.....

## കാഴ്ചപ്പാടും പ്രവർത്തനദിശയും

കുട്ടികളുടെ സർവതോന്മുഖമായ വികാസം ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രവർത്തന പദ്ധതികളാണ് വിഭാവനം ചെയ്യുന്നത്. സമഗ്രവും ഗുണമേന്മ ഉള്ളതുമായ വിദ്യാഭ്യാസം നൽകുന്നത് വഴി സാമൂഹിക പുരോഗതി ഉറപ്പുവരുത്തി രാഷ്ട്ര നിർമിതിയിൽ പങ്കാളികളാക്കാൻ വരും തലമുറയെ പ്രാപ്തരാക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തന പദ്ധതികളാണ് ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യം വയ്ക്കുന്നത്.

GBHSS PUTHUPPALLY

# അവസ്ഥാ വിശകലനവും മുൻഗണനകളും

## നേട്ടങ്ങൾ

- **എസ്എസ്എൽസി പരീക്ഷയ്ക്ക് തുടർച്ചയായി 19 തവണ 100% വിജയം.**
- **സബ്ജില്ലാ കായികമേളകളിൽ തുടർച്ചയായി ഗവൺമെൻറ് സ്കൂളുകളിൽ ഒന്നാം സ്ഥാനം.**
- **ഗണിത ശാസ്ത്ര മേളയിലും, പ്രവർത്തിപരിചിയ മേളയിലും സംസ്ഥാന തലത്തിൽ മികവാർന്ന നേട്ടങ്ങൾ.**
- **സബ്ജില്ലാ, ജില്ലാ കായിക മേളകളിലെ കുട്ടികളുടെ മികവാർന്ന പ്രകടനങ്ങൾ.**
- **2024 - 25 സബ്ജില്ലാ ഫുട്ബോൾ മത്സരത്തിൽ റണ്ണേഴ്സ് അപ്പ്.**
- **ഗവൺമെന്റ് മേഖലയിലെ ജില്ലയിലെ ആദ്യത്തെ എ.സ്പി.സി യൂണിറ്റായ ഹയർസെക്കൻഡറി വിഭാഗം എ..സ്പി. യൂണിറ്റ് തുടർച്ചയായ വർഷങ്ങളിൽ മികച്ച എ..സ്പി. ക്കുള്ള അവാർഡുകൾ കരസ്ഥമാക്കുന്നു.**

- **ഹയർസെക്കൻഡറി പരീക്ഷകളിലെ മികവാർന്ന വിജയം**

## പരിമിതികൾ

- **എല്ലാ ക്ലാസ് മുറികളും ഹൈടെക് നിലവാരത്തിലേക്ക് ഉയർന്നില്ല**
- **ഗണിത ലാബ്, സാമൂഹ്യശാസ്ത്രം ലാബ് എന്നിവ ഹൈസ്കൂളിന് പ്രത്യേകമായി ഇല്ല**
- **ഓഡിറ്റോറിയത്തിന്റെ അഭാവം**
- **സ്കൂൾ ഗ്രൗണ്ടിന്റെ പരിമിതികൾ**
- **സുസജ്ജമായ കെട്ടിടങ്ങളുടെ അഭാവം**
- **സ്പെഷ്യൽ ടീച്ചേഴ്സിന്റെ തുടർച്ചയായ സേവനം ലഭ്യമല്ലാത്തത്**
- **കുട്ടികളുടെ പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കുന്നതിന് ഉതകുന്ന ആധുനിക സൗകര്യമുള്ള ശൗചാലയങ്ങൾ പണിയണം. നിലവിലുള്ളവ മെച്ചപ്പെടുത്തേണ്ടതുണ്ട്.**
- **ആഹാരം പാകം ചെയ്യുന്നതിനുള്ള പാചകപ്പുരയുടെ ശോച്യാവസ്ഥ.**
- **കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കാൻ ഉള്ള ഭോജനശാല നിലവിൽ സ്കൂളിൽ ഇല്ല . ആധുനിക സൗകര്യത്തോടു കൂടിയ ഒരു ഭോജനശാല നിർമ്മിക്കണം. ഇതിൽ ആവശ്യമായ ഫർണിച്ചറുകളും പാത്രങ്ങളും മറ്റും ലഭ്യമാകണം.**



GBHSS PUTHUPPALLY

## മുൻഗണനകൾ

- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി തുടങ്ങിയ ഭാഷാ വിഷയങ്ങൾ നന്നായി വായിക്കുവാനും എഴുതുവാനുമുള്ള കഴിവ് നേടുക
- പൗര ബോധവും, ജനാധിപത്യ മൂല്യങ്ങളും വളർത്തിയെടുക്കുക
- കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക. ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തുക. ശാസ്ത്രജ്ഞൻമാരെ വളർത്തിയെടുക്കുക
- ജൈവ വൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ.
- ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുക. ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കുക
- കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിക്കുക. കായിക മത്സരങ്ങളിൽ മികവിലേക്ക് എത്തിക്കുക. അന്താരാഷ്ട്ര നിലവാരമുള്ള കായിക താരങ്ങളെ വളർത്തിയെടുക്കുക. കായിക പരിശീലകരുടെ സേവനം ലഭ്യമാക്കുക.
- വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിംഗ് നൽകുക. നല്ല വ്യക്തിത്വമുള്ളവരാക്കുക.

GBHSS PUTHUPPALLY

# ലക്ഷ്യങ്ങൾ

ഗുണമേന്മയുള്ള വിദ്യാഭ്യാസം സാധ്യമാക്കുക

അധ്യാപക ശാക്തീകരണം

കായികശേഷി വികസിപ്പിക്കുന്നതിന് വേണ്ടി കായിക പരിശീലന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക

കുട്ടികളുടെയും, രക്ഷിതാക്കളുടെയും, അധ്യാപകരുടെയും ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനായി സ്കൂൾ ക്ലാസ് പി.ടി.എ.കൾ കാര്യക്ഷമമാക്കുക

ജൈവ വൈവിധ്യ പാർക്ക് ഒരുക്കുക

സ്കൂളിന്റെ അക്കാദമിക മികവിന് കൂടുതൽ പ്രാധാന്യം നൽകുക

ഐ.ടി അധിഷ്ഠിത വിദ്യാഭ്യാസത്തിന് കൂടുതൽ ഊന്നൽ നൽകുക

GBHSS PUTHUPPALLY

# അക്കാദമിക മാസ്റ്റർ പ്ലാൻ ഗണിതം(HS/UP)

## ലക്ഷ്യങ്ങൾ

- ഗണിത പഠനം ലളിതവും ആഹ്ലാദകരവും ആക്കുന്നതിന്
- കുട്ടികളിൽ യുക്തിചിന്തയും പ്രശ്നപരിഹാര ശേഷിയും വളർത്തുന്നതിന്
- ഗണിത ആശയങ്ങളെ നിത്യജീവിതവുമായി ബന്ധപ്പെടുത്തുന്നതിന്
- ഗണിതശാസ്ത്രം ക്ലാസ് റൂം അതിരുകൾക്ക് പുറത്തേക്ക് വ്യാപിപ്പിക്കുവാൻ പ്രദർശനങ്ങൾ, മത്സരങ്ങൾ ,വർക്ക്ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുക
- സാങ്കേതികവിദ്യയുടെ സഹായത്താൽ ഗണിത പഠനം കൂടുതൽ അനുഭവവേദ്യമാക്കുക
- ഉൾച്ചേർക്കൽ വിദ്യാഭ്യാസം കൂടുതൽ ഫലവത്താക്കാൻ
- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക
- ഓരോ പ്രായ ഘട്ടത്തിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക

GBHSS PUTHUPPALLY

# പ്രവർത്തനങ്ങൾ ഗണിതം(HS)

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അവസ്ഥാ വിശകലനം | പ്രീ ടെസ്റ്റ് നടത്തി 8, 9, 10 ക്ലാസുകളിലെ കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ മനസ്സിലാക്കുന്നു. | ജൂൺ | ഗണിതാധ്യാപകർ,SRG | |
| ഗണിത ക്ലിനിക്ക് | ഗണിത ക്ലബ്ബ് അംഗങ്ങളുടെ സഹായത്തോടെ പഠനത്തിൽ പിന്നോട്ട് നിൽക്കുന്നവർക്ക് ഗണിതത്തിന്റെ അടിസ്ഥാന തത്വങ്ങൾ ഉറപ്പിക്കുന്നു | ജൂൺ-ജൂലൈ | ഗണിതാധ്യാപകർ, ഗണിത ക്ലബ്ബ് അംഗങ്ങൾ | |
| ഗണിത ലാബ് | ഗണിതലാബ് സജ്ജമാക്കി സ്തംഭങ്ങൾ, സ്തൂപികകൾ തുടങ്ങിയ മോഡലുകൾ നിർമ്മിക്കുക പ്രവർത്തനാധിഷ്ഠിതമായി ഗണിത തത്വങ്ങൾ മനസ്സിലാക്കുക | ജൂലൈ - ഫെബ്രുവരി | ഗണിതാധ്യാപകർ, ഗണിത ക്ലബ്ബ് അംഗങ്ങൾ | |
| പരിശീലന ക്ലാസുകൾ | ജോമട്രിക് ചാർട്ട് പരിചയപ്പെടൽ, ഗണിതമേളയുമായി ബന്ധപ്പെട്ട Workshop Vedic Maths പഠന പരിശീലന ക്ലാസുകൾ | ആഗസ്റ്റ് - ഒക്ടോബർ | ഗണിതാധ്യാപകർ,SRG, Subject Experts | |
| ഗണിത മാഗസിൻ | ക്ലാസ് തല, സ്കൂൾ തല ഗണിത മാഗസിനുകളുടെ നിർമാണം | സെപ്റ്റംബർ-ഒക്ടോബർ | ഗണിത ക്ലബ്ബ് അംഗങ്ങൾ, ഗണിതാധ്യാപകർ | |

GBHSS PUTHUPPALLY

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതശാസ്ത്രമേള | സ്കൂൾതല ഗണിതശാസ്ത്രമേള സംഘടിപ്പിച്ച് സബ് ജില്ലാ ഗണിതശാസ്ത്രമേളയ്ക്ക് കുട്ടികളെ തെരഞ്ഞെടുക്കുക<br>ഗണിതശാസ്ത്രത്തോട് ഉള്ള താല്പര്യം കുട്ടികളിൽ വർദ്ധിപ്പിക്കുക | സെപ്റ്റംബർ | ഗണിത ക്ലബ്ബ് അംഗങ്ങൾ, ഗണിതാധ്യാപകർ | |
| ജിയോജിബ്ര പരിശീലനം | സാങ്കേതികവിദ്യയുടെ സഹായത്താൽ ഗണിതശാസ്ത്ര പഠനം സുഗമമാക്കാൻ ജിയോജിബ്രയുടെ പ്രത്യേക പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുക | ഒക്ടോബർ | Subject Experts, ഗണിതാധ്യാപകർ | |
| Field Trip | ഗണിത നാട്ടറിവുകൾ മനസ്സിലാക്കുവാൻ പരമ്പരാഗത തൊഴിലാളികളുടെ തൊഴിൽ ശാലകൾ സന്ദർശിക്കുന്നു. അവർ ഉപയോഗിക്കുന്ന ഗണിത ആശയങ്ങൾ, ഉപകരണങ്ങൾ എന്നിവ പരിചയപ്പെടുക | നവംബർ | ഗണിതാധ്യാപകർ, SRG | |
| ദിനാചരണങ്ങൾ | Pie Day, ദേശീയ ഗണിത ശാസ്ത്ര ദിനം, Pie Approximate Day തുടങ്ങിയ ദിനങ്ങൾ ആചരിക്കുന്നത് വഴി ഗണിതശാസ്ത്രജ്ഞന്മാരെയും ഗണിത തത്വങ്ങളെയും കൂടുതൽ അടുത്തറിയുക | ജൂൺ - മാർച്ച് | ഗണിത ക്ലബ്ബ് അംഗങ്ങൾ, ഗണിതാധ്യാപകർ,SRG | |
| തിരിഞ്ഞുനോട്ടം | SSLC പ്രത്യേക ക്ലാസുകൾ, റിവിഷൻ, മോഡൽ പരീക്ഷകൾ, അഭിരുചി പരീക്ഷകൾ, രക്ഷകർത്താക്കൾക്കുള്ള ക്ലാസുകൾ മികവുത്സവം | ജനുവരി - മാർച്ച് | ഗണിതാധ്യാപകർ, Subject Experts | |

GBHSS PUTHUPPALLY

# പ്രവർത്തനങ്ങൾ ഗണിതം (UP)

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാനക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | ഗണിത ശില്പശാല<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.(നമ്പർ കാർഡ്, മഞ്ചാടിക്കുരു,ഫ്ലാഷ് കാർഡ്.... ഉപയോഗിക്കുന്നു) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും | ഒറിഗാമി ശിൽപ്പശാല<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് അംഗങ്ങൾ, ഗണിതാധ്യാപകർ | |
| ഗണിത ലാബ് | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൾ, ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിതാധ്യാപകർ | |
| ഗണിത ഗ്രാമം | ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർധിപ്പിക്കാൻ ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകർ (മറ്റ് വിദ്യാലയങ്ങളിലെയും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസുകൾ | വർഷത്തിൽ ഒരു പ്രാവശ്യം | Subject Experts | |

GBHSS PUTHUPPALLY

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ICT സാധ്യതകളിലൂടെ | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ സാധ്യതകൾ ലളിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. ജാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലെയുള്ള പ്രവർത്തനങ്ങൾ IT സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ | മാസത്തിൽ ഒരു പ്രാവശ്യം | ഗണിതാധ്യാപകർ | |
| ഗണിത ക്ലിനിക്ക് | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലേക്ക് എത്തിക്കുക. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകനും മുൻ നിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | ഒരു പീരിയഡ് | ഗണിത അധ്യാപകർ | |
| വിവിധ ശേഷികളുടെ വികസനം | <u>ദിനാചരണം</u> ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ഗണിതാധ്യാപകർ, SRG | |

GBHSS PUTHUPPALLY

# അക്കാദമിക മാസ്റ്റർ പ്ലാൻ സയൻസ്(HS)

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര ബോധവും യുക്തിചിന്തയും വർദ്ധിപ്പിക്കുക. ജിജ്ഞാസ, കൗതുകം, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക | പരീക്ഷണങ്ങൾ സ്വയം രൂപകൽപ്പന ചെയ്തു അവതരിപ്പിക്കൽ. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമിപ്പിക്കുന്നു<br>ലഘു പ്രോജക്ട് ക്ലാസുകളിൽ കൊടുത്ത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം<br>അക്കാദമിക വർഷം ഓരോ ടേമിലും | സയൻസ് ക്ലബ്, സയൻസ് അധ്യാപകർ | |
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ ആവശ്യകത, ശാസ്ത്രം ജന നന്മയ്ക്ക് അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ഇല്ലാതാക്കൽ, ഇവ കേന്ദ്രീകരിച്ചുള്ള ക്ലാസ്സ്,<br>➢ സംവാദങ്ങൾ<br>➢ റാലി സംഘടിപ്പിക്കൽ<br>➢ സന്ദേശകാർഡുകൾ<br>➢ ക്വിസ് മത്സരങ്ങൾ<br>➢ ശാസ്ത്രനാടകം ഇവ നടപ്പിലാക്കൽ | അക്കാദമിക വർഷം | സയൻസ് ക്ലബ് അംഗങ്ങൾ, സയൻസ് അധ്യാപകർ | |

GBHSS PUTHUPPALLY

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രലോകത്തെ നിരന്തരമായി നിരീക്ഷിക്കുകയും വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു | ➢ ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ ഫോട്ടോകൾ ഇവ ശേഖരിക്കൽ, കണ്ടുപിടിത്തങ്ങൾ മനസ്സിലാക്കൽ<br>➢ വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികളുണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാനുള്ള അവസരം നൽകുന്നു<br>➢ ദിനാചരണങ്ങൾ ആഘോഷിക്കൽ<br>➢ സയൻസും ആയി ബന്ധപ്പെട്ട ക്വിസ് മത്സരങ്ങൾ | അക്കാദമിക വർഷത്തിൽ ഒരു തവണ<br><br>അക്കാദമിക വർഷം<br><br>എല്ലാ മാസവും | സയൻസ് അധ്യാപകർ | |
| ശാസ്ത്രത്തെ ദൈനംദിന ജീവിതവുമായി ബന്ധപ്പെടുത്തുക | വീട്ടിലെ ശാസ്ത്രം<br>വീട്ടിലെ ഊർജ്ജമാറ്റം<br>പാഠഭാഗവുമായി ബന്ധപ്പെട്ട് വീട്ടിൽ നടത്താവുന്ന ചെറിയ പരീക്ഷണങ്ങൾ | അക്കാദമിക വർഷം | കുട്ടികൾ | |
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | ➢ തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ<br>➢ ഔഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ<br>➢ സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ്<br>➢ പഠനയാത്രകൾ സംഘടിപ്പിക്കുക<br>➢ ശുചിത്വ പരിപാലനം | അക്കാദമിക വർഷം<br><br>അക്കാദമിക വർഷത്തിൽ ഒരു തവണ | സയൻസ് അധ്യാപകർ,SRG | |

GBHSS PUTHUPPALLY

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| വൈജ്ഞാനിക ബഹുസ്വരണം അന്വേഷണതൃഷ്ണ വർദ്ധിപ്പിക്കൽ നേരറിവ് നേടൽ | ➢ പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു<br>➢ ശാസ്ത്രജ്ഞന്മാരുടെ വീഡിയോകളും കുറിപ്പുകളും പരിചയപ്പെടുന്നു<br>➢ കുട്ടികൾക്ക് മത്സരപരീക്ഷകളിൽ പരിശീലനം(NMMS)<br>➢ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം<br>➢ SSLC കുട്ടികൾക്കുള്ള പ്രത്യേക പരിശീലനങ്ങൾ | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം മുഴുവൻ | സയൻസ് അധ്യാപകർ | |

GBHSS PUTHUPPALLY

# അക്കാദമിക മാസ്റ്റർ പ്ലാൻ സയൻസ്(UP)

GBHSS PUTHUPPALLY

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജൈവവൈവിധ്യ പാർക്ക് | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ<br><br>ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ,, സയൻസ് ക്ലബ്ബ് നേച്ചർ ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്, ഹരിത ക്ലബ്ബ് | |
| പരീക്ഷണ കളരി | നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു<br>പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു,<br>പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്ര അധ്യാപകർ, ഊർജ്ജുകബ്, ശാസ്ത്ര ക്ലബ്ബ് | |
| കണ്ടറിയാനൊരു യാത്ര(Field Trip) | വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്ര, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ | ജൂലൈ | ശാസ്ത്ര അധ്യാപകർ,, സയൻസ് ക്ലബ്, നേച്ചർ ക്ലബ് | |

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | ശാസ്ത്ര ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു<br>എക്സ്പോ<br>ആധുനികശാസ്ത്ര ലോകത്തിൻറെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം<br>ആഗസ്റ്റ് | ശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ്ബ്<br>ശാസ്ത്ര അധ്യാപകർ | |
| ശാസ്ത്ര വിസ്മയ ചുമർ | ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുവർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | |
| മുഖാമുഖം | ശാസ്ത്രമേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ, ചർച്ച,ക്ലാസ്സ്, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | |

GBHSS PUTHUPPALLY

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിസ്മയ യാത്ര | ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക, ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമികവർഷം | ശാസ്ത്ര അധ്യാപകർ | |
| ദിനാചരണം | വിവിധ ശാസ്ത്രശേഷികളുടെ വികസനം<br><br>ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ശാസ്ത്ര, പരിസ്ഥിതി പ്രാധാന്യമുള്ള ദിനങ്ങളിൽ നടത്തേണ്ട പ്രവർത്തനങ്ങൾ മുൻകൂട്ടി SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ, SRG | |

GBHSS PUTHUPPALLY

# അക്കാദമിക മാസ്റ്റർ പ്ലാൻ സാമൂഹ്യ ശാസ്ത്രം(HS)

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യ അവബോധം വളർത്തുക, പൊതുവിജ്ഞാനം ലോകപരിചയം എന്നിവ നേടാൻ പ്രോത്സാഹിപ്പിക്കുക | ➢ പത്രവായനയെ ആസ്പദമാക്കിയുള്ള ക്വിസ് മത്സരങ്ങൾ<br>➢ ദിനാചരണങ്ങൾ<br>➢ ബോധവൽക്കരണ പരിപാടികൾ<br>➢ Mock Drills<br>➢ കൈയെഴുത്ത് മാഗസിനുകൾ<br>തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുക | ജൂൺ മുതൽ ഫെബ്രുവരി വരെ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ, വിവിധ ക്ലബ് അംഗങ്ങൾ | |
| Field Trips | ചരിത്രാവബോധം വളർത്തുക<br>➢ Excursions<br>➢ വീഡിയോ പ്രദർശനങ്ങൾ<br>➢ പുസ്തക വായന പരിപോഷിപ്പിക്കൽ തുടങ്ങിയവ | ജൂൺ മുതൽ ഫെബ്രുവരി വരെ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ, Club Members | |
| ഭൂമിശാസ്ത്ര പഠനം, പരിസ്ഥിതി സംരക്ഷണം, കാലാവസ്ഥ മാറ്റങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട അറിവ് വർദ്ധിപ്പിക്കുക | ദിനാന്തരീക്ഷ സ്ഥിതി അല്ലെങ്കിൽ കാലാവസ്ഥ ഇവയിലുള്ള വ്യതിയാനം ഓരോ ദിവസവും / മാസവും നിരീക്ഷിച്ചു കാലാവസ്ഥ നിരീക്ഷണ ഡയറി തയ്യാറാക്കുന്നു<br><br>അടുക്കളത്തോട്ടം നിർമ്മിക്കുന്നു സംരക്ഷിക്കുന്നു<br><br>മഴക്കുഴി നിർമ്മാണം | ജൂൺ മുതൽ ഫെബ്രുവരി വരെ<br><br>ജൂൺ മുതൽ അധ്യയന വർഷം തീരും വരെ | Teachers, Social Science Club Members, Nature Club<br><br>Teachers, Social Science Club Members, Nature Club | |

GBHSS PUTHUPPALLY

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭൂപട പഠനം, ഭൂപട വായന എന്നിവയെ പരിപോഷിപ്പിക്കുക | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് വേൾഡ്, ഇന്ത്യ, കേരള തുടങ്ങിയവയുടെ വിഷയാധിഷ്ഠിത ഭൂപടങ്ങൾ തയ്യാറാക്കി 'My Own Atlas' വ്യക്തിഗതമായി കുട്ടികൾ തയ്യാറാക്കുന്നു<br><br>Models നിർമാണം | ജൂൺ മുതൽ ഫെബ്രുവരി വരെ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ, SS ക്ലബ് അംഗങ്ങൾ | |
| ഡിജിറ്റൽ ആൽബം നിർമ്മാണം | പഠന പ്രവർത്തനങ്ങളിൽ ICT സാധ്യതകൾ ഉപയോഗപ്പെടുത്തൽ<br>➢ ബോധവത്ക്കരണ പരിപാടികൾ<br>➢ വിവിധ സ്ഥലങ്ങൾ പരിചയപ്പെടുത്തൽ<br>എന്നിവയ്ക്ക് ICT ഉപയോഗിക്കുന്നു<br><br>ഡിജിറ്റൽ ആൽബം നിർമ്മാണം | ജൂൺ മുതൽ ഫെബ്രുവരി വരെ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ, SS ക്ലബ് അംഗങ്ങൾ | |

GBHSS PUTHUPPALLY

# അക്കാദമിക മാസ്റ്റർ പ്ലാൻ സയൻസ്(UP)

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പദപ്രശ്നം | സാമൂഹ്യ ശാസ്ത്രത്തിൻറെ അടിസ്ഥാന അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ സാമൂഹ്യപാഠം<br>• ക്വിസ്<br>• പദപ്രശ്നം<br>• മത്സരങ്ങൾ<br>• നിർമിതികൾ | ജൂൺ - ജൂലൈ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ, SS ക്ലബ് അംഗങ്ങൾ | |
| Virtual Field Trip | പഠിതാക്കളെ ചരിത്ര ബോധമുള്ളവരാക്കി മാറ്റുക | ജൂലൈ - ആഗസ്റ്റ് | SS Club | |
| GK Corner | പൊതുവിജ്ഞാനം വളർത്തി മത്സര പരീക്ഷകൾക്ക് പ്രാപ്തരാക്കുക<br>• ക്വിസ് മത്സരങ്ങൾ<br>• ചോദ്യബാങ്ക് നിർമ്മാണം | ജൂൺ - ജനുവരി | സാമൂഹ്യ ശാസ്ത്ര അധ്യാപകർ, SS ക്ലബ് അംഗങ്ങൾ | |
| Big Books | വാർത്തകൾ ശേഖരിച്ച് ബഹിരാകാശ ശാസ്ത്ര അവബോധം ഉണ്ടാക്കുക ബഹിരാകാശ വാർത്തകൾ ശേഖരിക്കുന്നു. | അധ്യയന വർഷം | SS ക്ലബ് അംഗങ്ങൾ | |

GBHSS PUTHUPPALLY

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എന്റെ ഭൂപടങ്ങൾ | ഭൂപട വായന അനായാസമാക്കുക<br>• നിറയുന്ന ഭൂപടങ്ങൾ ചിത്രീകരണം<br>• എന്റെ ഭൂപടങ്ങൾ<br>• അറ്റ്ലസ് നിർമ്മാണം | അധ്യയന വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ, SS ക്ലബ് അംഗങ്ങൾ | |
| പതിപ്പ് നിർമാണം | പതിപ്പ് നിർമ്മിച്ച് ഇന്ത്യ,കേരളം, കോട്ടയം എന്നിവയുടെ ഭൂപടങ്ങൾ നിർമ്മിച്ച് വിവരങ്ങൾ ശേഖരിക്കുന്നു<br>• എന്റെ രാജ്യം<br>• കേരളം<br>• എന്റെ ജില്ല | ആഗസ്റ്റ് - നവംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ, SS ക്ലബ് അംഗങ്ങൾ | |
| ദിനാചരണങ്ങൾ | ദിനാചരണങ്ങൾ നടത്തി സാമൂഹ്യ ശാസ്ത്ര ദിനങ്ങളും അവയുടെ പ്രാധാന്യവും തിരിച്ചറിയുന്നതിന് | അക്കാദമിക കാലഘട്ടം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ, SS ക്ലബ് അംഗങ്ങൾ,SRG | |
| പരിശീലന പരിപാടികൾ | U.S.S.പോലെയുള്ള വിവിധ മത്സരപരീക്ഷകൾക്കായി കുട്ടികളെ പ്രാപ്തരാക്കൽ<br>ക്വസ്റ്റ്യൻ ബാങ്ക് തയ്യാറാക്കൽ | ജൂൺ - ജനുവരി | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

GBHSS PUTHUPPALLY

# അക്കാദമിക മാസ്റ്റർ പ്ലാൻ മലയാളം(HS)

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • വായനോത്സവം<br>• ക്ലാസ് വായനക്കൂട്ടം<br>• ദിനാചരണം<br>• പുസ്തക ശേഖരണം<br>• സമീപ ഗ്രന്ഥശാല സന്ദർശനം. | ലൈബ്രറി നവീകരണം | അധ്യയന വർഷം | ഭാഷാധ്യാപകൻ, വിദ്യാരംഗം പി.ടി.എ | |
| • പ്രഭാഷണം, കഥ , കവിത എന്നിവയുടെ ഓഡിയോ വീഡിയോ പ്രദർശനം<br>• കലാബോധ പ്രകടനത്തിനുള്ള വേദി സജ്ജമാക്കുക | ഭിന്നശേഷിക്കാരുടെ പരിപോഷണം | മാസത്തിൽ 1 | ഭാഷാധ്യാപകൻ, ക്ലാസ് അധ്യാപകൻ, വിദ്യാരംഗം | |
| • ശില്പശാലകൾ, സെമിനാർ<br>• കേരളപാഠാവലി അടിസ്ഥാനപാഠാവലി യൂണിറ്റിനെ അടിസ്ഥാനമാക്കി സെമിനാർ<br>• ഡോക്യുമെന്റേഷൻ | ആശയ രൂപീകരണം അന്വേഷണാത്മക പഠനത്തിനും വിമർശനാത്മക പഠനത്തിന്റെയും അനന്തസാധ്യതകൾ മനസ്സിലാക്കുന്നു. കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് വിഷയങ്ങൾ നൽകുമ്പോൾ കൂട്ടായ പ്രവർത്തനത്തിലൂടെ സംഘബോധം കുട്ടികളിൽ ഉണ്ടാക്കുന്നു | ആഗസ്റ്റ് | വിഷയസമിതി | |

GBHSS PUTHUPPALLY

| | | | | |
|---|---|---|---|---|
| • ചുമർ മാഗസിൻ<br>• ഓരോ ക്ലാസിനും ചുമർ മാഗസിൻ<br>• ഓരോ ആഴ്ചയിലും പുതിയ സൃഷ്ടികൾ ചുമർ മാഗസിനിൽ പതിക്കണം | കുട്ടികളിൽ സാഹിത്യാഭിരുചി പരിപോഷിപ്പിക്കുക, കഥ, കവിത, ലേഖനം, വാർത്തകൾ, കാർട്ടൂണുകൾ തുടങ്ങിയ വ്യത്യസ്ത വ്യവഹാര രൂപങ്ങളെ കുട്ടികൾ അടുത്തറിയുന്നു കുട്ടികളിൽ സംഘബോധം വളർത്തുക | അധ്യയന വർഷം | ഭാഷാധ്യാപകൻ | |
| നാടകക്കളരി | ഒരു സാഹിത്യ രൂപത്തെ മറ്റൊരു സാഹിത്യ രൂപത്തിലാക്കുക | ടേമിൽ ഒന്ന് | ഭാഷാധ്യാപകൻ, വിദ്യാരംഗം | |
| • എഴുത്തുകൂട്ടം രൂപീകരണം<br>• പുസ്തക പരിചയം<br>• വായനക്കുറിപ്പ്<br>• വായന മൂല<br>• സാഹിത്യ ഗ്യാലറി | കുട്ടികളിൽ സാഹിത്യാഭിരുചി പരിപോഷിപ്പിക്കുക, സാഹിത്യ ശാഖകൾ പരിചയപ്പെടൽ | അധ്യയന വർഷം | ഭാഷാധ്യാപകൻ, വിദ്യാരംഗം | |

GBHSS PUTHUPPALLY

## അക്കാദമിക മാസ്റ്റർ പ്ലാൻ മലയാളം(UP)

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്വതന്ത്ര വായന | വായന അനുഭവങ്ങൾ വിവിധ രീതിയിൽ പങ്കിടുന്നതിന് അവസരം സൃഷ്ടിക്കുക<br>❖ പത്രവായന<br>❖ എല്ലാ ക്ലാസുകളിലും ഓരോ പത്രം<br>❖ പത്ര ക്വിസ്സ്<br>❖ നിശബ്ദ വായന<br>❖ വായന മുറിയിലോ ക്ലാസ് മുറിയിലോ പത്രങ്ങൾ ക്ലിപ്പ് ചെയ്തിട്ട് കുട്ടികളെ കൊണ്ട് വായിപ്പിക്കൽ<br>❖ ക്ലാസ് ലൈബ്രറികൾ യാഥാർത്ഥ്യമാക്കൽ | അധ്യയന വർഷം | മലയാളം അധ്യാപകർ, മലയാളം ക്ലബ്ബ് | |
| പദപ്രശ്നം | പഠിതാക്കൾക്ക് ഭാഷ ജ്ഞാന വർദ്ധിപ്പിക്കുക<br>❖ വായിച്ചറിഞ്ഞ ആശയം പറയൽ<br>❖ രചന മെച്ചപ്പെടുത്തൽ<br>❖ ക്വിസ് | ജൂൺ - ജൂലൈ | മലയാളം അധ്യാപകർ, മലയാളം ക്ലബ്ബ് | |

GBHSS PUTHUPPALLY

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| (എന്റെ വാങ്മയ ചിത്രങ്ങൾ) ചിത്രം കാണിച്ച് കഥ എഴുതുവാൻ ആവശ്യപ്പെടുന്നു | ❖ എഴുതുവാനും വായിക്കുവാനും ബുദ്ധിമുട്ടുള്ള കുട്ടികളെ കണ്ടെത്തുക മാർഗ്ഗനിർദ്ദേശം നൽകുക<br>❖ ഗ്രൂപ്പ് വായനയും വ്യക്തിഗത വായനയും അനായാസമാക്കുക<br>❖ മനസ്സിലുള്ള ആശയങ്ങൾ വ്യക്തമാക്കിക്കുന്നു<br>❖ ചിത്രം കൂടി ചേർത്തു വായിക്കുമ്പോൾ മാതൃഭാഷയുടെ സവിശേഷതകൾ തിരിച്ചറിയുന്നു | അധ്യയന വർഷം | മലയാളം അധ്യാപകർ, മലയാളം ക്ലബ്ബ് | |
| ദിനാചരണങ്ങൾ | മലയാള സാഹിത്യകാരന്മാരെ കൂടുതൽ അടുത്തറിയാനും അങ്ങനെ വായനയിൽ കൂടി മലയാളഭാഷാ ജ്ഞാനം വർദ്ധിപ്പിക്കുന്നതിനും<br><br>വായനാവാരം ആഘോഷിക്കൽ | അധ്യയന വർഷം<br><br>ജൂൺ | മലയാളം അധ്യാപകർ, മലയാളം ക്ലബ്ബ് | |

GBHSS PUTHUPPALLY

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്ലബ് പ്രവർത്തനങ്ങൾ | വിവിധ ക്ലബ് പ്രവർത്തനങ്ങളിൽ കൂടി മലയാളഭാഷയിലേക്ക് കുട്ടികളെ കൂടുതൽ ആകർഷിക്കുവാനും അവരെഭാഷാ സ്നേഹികൾ ആക്കി മാറ്റുവാനും<br>❖ പഴഞ്ചൊല്ല്<br>❖ വായന കുറിപ്പുകൾ<br>❖ കവിത ചൊല്ലൽ<br>❖ കവിത പൂർത്തിയാക്കൽ<br>❖ വാർത്തകളുടെ ശേഖരണം<br>❖ ക്വിസ്<br>❖ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>❖ മാതൃഭാഷയുടെ പ്രാധാന്യം തയ്യാറാക്കുന്ന പോസ്റ്റർ തയ്യാറാക്കൽ | അധ്യയന വർഷം | മലയാളം അധ്യാപകർ, മലയാളം ക്ലബ്ബ് | |
| പരിശീലന പരിപാടികൾ | U.S.S.പോലെയുള്ള വിവിധ മത്സരപരീക്ഷകൾക്കായി കുട്ടികളെ പ്രാപ്തരാക്കൽ<br>ക്വസ്റ്റ്യൻ ബാങ്ക് തയ്യാറാക്കൽ | അധ്യയന വർഷം | മലയാളം അധ്യാപകർ | |

GBHSS PUTHUPPALLY

# अकादमिक मास्टरप्लान हिंदी (UP)

| प्रक्रियाएँ | लक्ष्य | काल | दायित्व | |
|---|---|---|---|---|
| बच्चे जिस तल पर हैं जाँचने केलिए प्री - टेस्ट या अन्य कुछ उपाधियां -जैसे श्रुतलेख अक्षर ज्ञान - का प्रयोग करते हैं । | सभी छात्रों को हिंदी आसानी से पढ़ने, लिखने, बोलने और विचारों का आदान - प्रदान करने की क्षमता बढ़ाना । CWSN, SLOW LEARNES बच्चों को अधिक सहायता मिलना। | जून के 2 हफते | हिंदी अध्यापक | |
| बच्चों में नए जोश उत्पन्न करने केलिए आवश्यक प्रक्रियाएँ - जैसे - सुरीली हिंदी कविता सुनाना, अक्षर कार्ड आदि से पढ़ना । पिछड़े छात्रों को -CWSN जैसे - अधिक मानसिक पोषण करना । | | जून के तीसरे हफते | हिंदी अध्यापक | |
| हर एक कक्षा में हिंदी का वाचन करने का अवसर देना । हिंदी में बात करना, हिंदी में गिनती , हफ़्ता, महीना आदि की प्रस्तुति । | | प्रतिदिन | हिंदी अध्यापक | |
| CWSN, SLOW LEARNER छात्रों को अधिक ध्यान देने केलिए वर्णमाला प्रस्तुति | | हफ्ते में एक दिन | हिंदी अध्यापक | |
| हिंदी में छोटी कहानियाँ पढ़ने का अवसर देना । | | हफ्ते में एक दिन | हिंदी अध्यापक | |

GBHSS PUTHUPPALLY

| प्रक्रियाएँ | लक्ष्य | काल | दायित्व | |
|---|---|---|---|---|
| हिंदी प्रात: सभा चलाना | | दिनाचरण के दौरान | हिंदी अध्यापक | |
| हिंदी में छात्रों से छोटी-छोटी पत्रिकाएं तैयार कराना । | | जनवरी | हिंदी टीचर | |
| हिंदी में बात करने में प्रोत्साहन देना | | रोज़ | हिंदी टीचर | |
| हिंदी कार्टून देखना सिनेमा आदि समाचार सुनना इसका अवसर घरों में | | 6 महीने | हिंदी टीचर, क्लास टीचर, अन्य अध्यापक | |
| हिंदी भाषा का अध्ययन आसानी से करने की प्रवर्तन | | 6 महीने | हिंदी टीचर, क्लास टीचर, अन्य अध्यापक | |

GBHSS PUTHUPPALLY

# अकादमिक मास्टरप्लान हिंदी (HS)

## सामान्य उद्देश्य

- ❖ स्कूल के सभी छात्रों को हिंदी पढ़ने , लिखने और बोलने की क्षमता बढ़ाना ।
- ❖ हर एक इकाई के पाठ्यचर्या उद्देश्यों के छात्रों तक पहुंचाना
- ❖ हिंदी भाषा अध्ययन रसीली और आकर्षक बनाना उसके अनुरूप प्रक्रिया एवं आसूत्रण करना ।
- ❖ हिंदी भाषा के अध्ययन से बच्चों में भाषा स्नेह और देश प्रेम बढ़ाना ।
- ❖ भिन्नशेषी .छात्रों के अनुरूप पाठ्य प्रक्रिया देकर उनमें क्षमता बढ़ाना ।

| प्रक्रियाएँ | लक्ष्य | काल | दायित्व | |
|---|---|---|---|---|
| • अक्षरमाला कार्ड देता है ।<br>• ज़ोर से अक्षर पढ़ना<br>• चार्ट पर अक्षर लिखकर कक्षा कक्षा में छिपना<br>• पर्यावरण दिन, वाचन दिन के सिलसिले में चित्र खिंचाना, जैसे पेड़ का चित्र | अक्षर, चिह्न उनको पहचानना । उच्चारण पर परिचय । अक्षर लिखना, पढ़ना - पढ़ाना । चित्र खिंचाना (पर्यावरण दिन, वाचन दिन ...) इसी प्रकार पोस्टर की ओर । छोटे - छोटे संदेश वाक्य भी लिखाना । | हफ़्ता जून - जुलाई | हिंदी अध्यापक | |

GBHSS PUTHUPPALLY

| | | | | |
|---|---|---|---|---|
| उसमें पेड़ शब्द लिखाना फिर संदेश वाक्य लिखाना । | | | | |
| हर एक से अपनी जन्म तिथि हिंदी में तैयार करने का अवसर देती है । वर्कशीट देती है, हिंदी कैलेंडर तैयार की जाती है । | हफ्ते के नाम, महीनों के नाम, गिनती आदि से परिचय पाना । | अगस्त - सितंबर | हिंदी अध्यापक | |
| • श्रुतलेख पदसूर्य प्रश्नोत्तरी आदि दिया जाता है ।<br>• वाचन की क्षमता बढ़ाने के लिए चित्रकथा, कार्टून , छोटी कहानियाँ पढ़ने देती है । | • हिंदी आसानी से पढ़ने और लिखने का प्रेक्टिस देती है ।<br>• वाचन की क्षमता बढ़ाने के लिए वजन को अधिक महत्व दिया जाता है ।<br>• कार्टून और चित्रकथा पढ़कर आशय प्रस्तुत करने का अवसर देता है । | दिसंबर - जनवरी | हिंदी अध्यापक | |
| चित्र कथा पुस्तक पढ़ने देता है । | हिंदी पढ़ने और लिखने केलिए और पिछड़े छात्रों को अधिक प्रशिक्षण या परिशीलन देता है ।<br>वर्कशीट देता है । | जून- जुलाई | हिंदी अध्यापक | |
| • चार्ट देता है । उसमें से सर्वनाम विशेषण आदि खोज निकालने का अवसर देती है ।<br>• कथा ,कविता पूरा करने को देती है । संकेतपट लिखकर कक्षा में प्रदर्शन करने का अवसर देती है । | • नाम ,सर्वनाम, विशेषण समझाता है ।वाक्यों की रीती (वाक्य खड़ना) का परिचय देता है ।<br>• छोटे-छोटे मुद्रागीतों को लिखने की क्षमता का परिचय बढ़ता है । | मध्य अगस्त सितंबर | हिंदी अध्यापक | |

GBHSS PUTHUPPALLY

| | | | | |
|---|---|---|---|---|
| • पोस्ट का नमूना देता है ।उसके लिए विविध या तरह - तरह के विषय देते हैं । कक्षा में इसका प्रदर्शन करने का अवसर देती है । मूल्यांकन किया जाता है ।<br>• छोटी-छोटी कविता देकर आस्वादन टिप्पणी कक्षा में प्रस्तुत करने का अवसर देती है । | • पोस्टर तैयार किया जाता है ।<br>• कविता की आस्वादन टिप्पणी तैयार करने का अवसर देती है ।या कराती है । | दीर्घ दिसंबर- नवंबर | हिंदी अध्यापक | |
| • नाटक प्रस्तुत करने का अवसर देता है।<br>• प्रसंग के अनुसार बातचीत तैयार करने का अवसर देता है । | बच्चों की भाषा बेहतर बनाने के उद्देश्य से भाषाई वस्तुता ओं के संबंध में कुछ प्रक्रियाएं देता है । | जून- जुलाई | हिंदी अध्यापक | |
| कविता पाठ, कहानी पोस्ट निर्माण आदि का अवसर देता है । | साहित्याभिरूचि बढ़ाना हिंदी दिन के सिलसिले में प्रात: सभा और प्रतियोगिताएं चलाता है । बच्चों की भागीघारी पर ध्यान देता है । | अगस्त – सितंबर | हिंदी अध्यापक | |
| पाठभाग से संबोधित प्रसंग देता है । चरित्र चित्रण तैयार करने का अवसर देता है । रोज दैनिक की लिखने का अवसर देता है । | विविध प्रकार आशयों का आविष्कार करता है । कहानी के पटकथा का रूप ,चरित्र चित्रण आदि पर टिप्पणी और डायरी भी पढ़ते हैं । | नवंबर- जनवरी | हिंदी अध्यापक | |

GBHSS PUTHUPPALLY

## ACCADEMIC MASTER PLAN ENGLISH (HS)

| ACTIVITY | AIM | DURATION | RESPONSIBILITY | FINANCE |
|---|---|---|---|---|
| Reading corner<br>Encourage students to read English books like story poems etc. using library | To read English easily, improve confidence in English | June - February | language teachers, language club Members | |
| English assembly, spoken English class, important Day celebrations etc. | to improve communication skills in English | academic year | language teachers, language club Members | |
| preparing puppet show, skit, storytelling, choreography based on stories and poems in the textbook | dramatization | academic year | language teachers, language club Members | |
| Videos, cinema scenes, documentaries, profile writings, role play, seminars etc. | to improve the imagination skill | academic year | language teachers, language club Members | |
| Competitions in poetry writing, recitations and appreciations, book reviews, magazine making etc. | to read and write poems | academic year | language teachers, language club Members | |

GBHSS PUTHUPPALLY

## ACCADEMIC MASTER PLAN ENGLISH (UP)

| ACTIVITY NAME | AIM | DURATION | RESPONSIBILITY | FINANCE |
|---|---|---|---|---|
| • To manage English class in English itself<br>• English assembly is held once a week, with each class taking turns.<br>• Debate, seminar, speech in English to streamline the functioning of the English club<br>• Providing opportunities to communicate with native speakers<br>• Honoring the best reader by giving them the opportunity to read English newspapers | Language Skill Development<br>Developing the ability to read, write and speak English fluently for all children | academic year | language teachers, language club Members | |
| • English diary writing<br>• Signboards, posters, and notices are displayed in the school premises and classrooms.<br>• Organizing English story and poetry writing camps and publishing products<br>• Skits, dramas, and conversations are presented in connection with the lessons. | • Enables you to write English without mistakes<br>• Developing creative abilities in English | academic year | language teachers, language club Members | |
| • Including English publications and books in the class library<br>• To add writings to the school wiki<br>• Interacting grammar games, structured grammar lesson with examples and practice exercise | • To enhance reading<br>• To handle the English language with grammatical accuracy | academic year | language teachers, language club Members | |

GBHSS PUTHUPPALLY

# അക്കാദമിക മാസ്റ്റർ പ്ലാൻ ആരോഗ്യം,കലാ, കായിക വിദ്യാഭ്യാസം(UP, HS)

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ബോധവൽക്കരണ ക്ലാസുകൾ<br><br>(വ്യക്തി ശുചിത്വം, പരിസര ശുചിത്വം, വ്യായാമം, ആരോഗ്യകരമായ ഭക്ഷണ ശീലങ്ങൾ, ജീവിത നൈപുണ്യങ്ങൾ, വ്യക്തിത്വ വികസനം, വ്യക്തിത്വ രൂപീകരണം, മര്യാദരീതികൾ, പരസ്പര സഹകരണം etc.) | കുട്ടികളിൽ ആരോഗ്യ (ശാരീരികം, മാനസികം) അറിവും ബോധ്യവും വളർത്തുക | മാസത്തിൽ 1 | ആയുഷ് മിഷൻ ആയുർവേദ, യോഗ ഡോക്ടേഴ്സ് സ്കൂൾ കൗൺസിലർ, ക്ലാസ് ടീച്ചേഴ്സ് | |
| • മാസത്തിൽ ഒരിക്കൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുക<br>• പച്ചക്കറിത്തോട്ടം ഔഷധസസ്യങ്ങൾ പൂന്തോട്ടം എന്നിവ നിർമ്മിക്കുക, പരിപാലിക്കുക | കുട്ടികളിൽ പ്രകൃതിയെ സ്നേഹിക്കുവാനും പരിപാലിക്കുവാനും ഉള്ള താല്പര്യം വളർത്തുക | അധ്യയന വർഷം | ക്ലാസ് ടീച്ചേഴ്സ് | |
| വ്യക്തിഗത കൗൺസലിംഗ്, ഗ്രൂപ്പ് കൗൺസലിംഗ് | കുട്ടികളിലെ മാനസിക ആരോഗ്യം വളർത്തുക | അധ്യയന വർഷം | സ്കൂൾ കൗൺസിലർ | |

GBHSS PUTHUPPALLY

| | | | | |
|---|---|---|---|---|
| സുംബാ ഡാൻസ്, യോഗ | ശാരീരികവും മാനസികവുമായ ആരോഗ്യം നിലനിർത്തുക, ശ്രദ്ധ വർദ്ധിപ്പിക്കുക, ഏകാഗ്രത, Health, Mental refreshment | അധ്യയന വർഷം | Yoga Trainer, സ്കൂൾ കൗൺസിലർ, ടീച്ചേഴ്സ് | |
| ഫുട്ബോൾ പരിശീലനം, സബ്ജില്ലാ കായികമേള പരിശീലനം, ക്രിക്കറ്റ്, വെട്ടുപന്ത് പരിശീലനം | കുട്ടികളിലെ കായികക്ഷമത വർദ്ധിപ്പിക്കുക, ജന്മസിദ്ധമായ കിട്ടിയ വാസനകളെ കണ്ടെത്തി പരിശീലനം കൊടുക്കുക | അധ്യയന വർഷം | ടീച്ചേഴ്സ് | |
| കായിക ദിനം കായിക മേഖലയെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ, പ്രദർശനം | കായിക ഇനങ്ങളിൽ കുട്ടിക്ക് ഏതൊക്കെ ഇനങ്ങളിലാണ് ആണ് താല്പര്യം എന്ന് മനസ്സിലാക്കുക | ജൂൺ - ജൂലൈ | ടീച്ചേഴ്സ് | |
| കായിക മേഖലയിൽ മികവുപുലർത്തുന്ന വ്യക്തിത്വങ്ങളെ പരിചയപ്പെടുത്തൽ | കുട്ടികൾക്കിടയിൽ കായിക മേഖലയോടുള്ള താല്പര്യം കൂട്ടുക | സെപ്റ്റംബർ-നവംബർ | ടീച്ചേഴ്സ് | |
| Products using waste materials വിവിധ ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ പരിശീലനം, പേപ്പർ ക്രാഫ്റ്റ് | കുട്ടികളിലെ ക്രിയേറ്റിവിറ്റി വർധിപ്പിക്കുക, ജന്മസിദ്ധമായി കിട്ടിയിരിക്കുന്ന കഴിവുകളെ വളർത്തുക | അധ്യയന വർഷം | ടീച്ചേഴ്സ് | |
| ചിത്രരചന, കുട്ടികളിലെ കലാപരമായ സൃഷ്ടികളുടെ പ്രദർശനമേള | തൻറെ കഴിവുകൾ കുറിച്ചുള്ള Self confidence വർദ്ധിപ്പിക്കുക | വർഷത്തിൽ ഒന്ന് | ടീച്ചേഴ്സ് | |

GBHSS PUTHUPPALLY

## വിവിധ തലത്തിലുള്ള പ്രവർത്തനങ്ങളുമായുള്ള ഏകോപനം

വിവിധ തലത്തിലുള്ള പ്രവർത്തനങ്ങളുമായുള്ള ഏകോപനം സാധ്യമാക്കുന്നതിന് PTA, SRG, MPTA, ജാഗ്രത സമിതി, PEC, BRC, CRC, ORC, SSK തുടങ്ങിയ വിവിധ ഏജൻസികളുടെ സജീവമായ ഇടപെടൽ ഉറപ്പുവരുത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ എന്നിവരുടെ സഹകരണം അക്കാദമി മാസ്റ്റർ പ്ലാൻ ഉറപ്പുവരുത്തുന്നു.

## പ്രവർത്തന കലണ്ടറും മോണിറ്ററിംഗ് സംവിധാനവും

അക്കാദമിക മാസ്റ്റർ പ്ലാനിൽ പരാമർശിക്കുന്ന പ്രവർത്തന കലണ്ടറിന്റെ നിർവഹണ ഉറപ്പാക്കുന്നതിന് എസ്. ആർ. ജി യിൽ അവതരിപ്പിക്കുകയും, വിലയിരുത്തുകയും ചർച്ചചെയ്യുകയും ചെയ്യുന്നു.

GBHSS PUTHUPPALLY

# പ്രവർത്തന വർഷ കലണ്ടർ 2025-26

| Sl. No | Date | Programme | Activities | In charge |
|---|---|---|---|---|
| 1 | June 2 | പ്രവേശനോത്സവം | കുട്ടികളെ സ്വീകരിക്കൽ, പഠനോപകരണ വിതരണം, കലാപരിപാടികൾ | Anil Sir, Manoj Sir |
| 2 | June 3 - 13 | കുട്ടികളിൽ വികസിക്കേണ്ട പൊതുധാരണകൾ | Awareness Classes, Programmes Related to each Topic | Sheeba Teacher, Sinu Teacher |
| 3 | June 5 | പരിസ്ഥിതി ദിനം | സന്ദേശം, വൃക്ഷ തൈ നടൽ, പോസ്റ്റർ രചന | Mini Teacher, Sajini Teacher |
| 4 | June 12 | SRG Meeting | | HM, Manoj Sir |
| 5 | June 19 - 26 | വായനാ വാരം | വായനാവാരാഘോഷം June 19 to 26 | Annamma Teacher, Preetha Teacher |
| 6 | June 21 | യോഗാ ദിനം | Yoga Sessions and Demonstrations | Anil sir, Mini Teacher |
| 7 | June 26 | ലഹരി വിരുദ്ധ ദിനം | Awareness Classes, Poster Making, Skit | Sajini Teacher, Sr Anju |
| 8 | June 27 | Club Inaugurations | | Sheeba Teacher, Annamma Teacher |
| 9 | July 5 | ബഷീർ ചരമ ദിനം | Basheer's Life and Legacy Presentation, Quiz | Annamma Teacher, Preetha Teacher |
| 10 | July 9 | SRG Meeting | | HM, Manoj Sir |
| 11 | July 11 | ലോക ജനസംഖ്യാ ദിനം | Poster Designing Competition, Essay Writing | Mini Teacher, Anil Sir |
| 12 | July 14 - 16 | First Mid Term Exam | | Manoj Sir, Sajini Teacher |
| 13 | July 21 | ചാന്ദ്ര ദിനം | Poetry writing, Model Making, Moon – themed Movie screening | Sheeba Teacher, Sinu Teacher |
| 14 | July 22 | PTA Meeting | | HM, Sajini Teacher |

GBHSS PUTHUPPALLY

| | | | | |
|---|---|---|---|---|
| 15 | July 28 | ലോക പ്രകൃതി സംരക്ഷണ ദിനം | Tree planting, Nature Walk, environmental awareness campaigns, recycling and waste management initiatives | Sinu Teacher, Sheeba Teacher |
| 16 | July 31 | പ്രേം ചന്ദ് ദിനം | Presentation about prem Chand's life, quiz | Sajini Teacher, Manoj Sir |
| 17 | August 6 | ഹിരോഷിമാ ദിനം | Peace art exhibition, quiz | Mini Teacher, Anil Sir |
| 18 | August 9 | ക്വിറ്റ് ഇന്ത്യാ ദിനം, നാഗസാക്കി ദിനം | Poster designing, interactive time line creation using charts highlighting key events, milestones and notable personalities | Mini Teacher, Preetha Teacher |
| 19 | August 15 | സ്വാതന്ത്ര്യ ദിനം | Flag Hosting, patriotic song competition | Anil Sir, Sajini Teacher |
| 20 | August 20 | SRG Meeting | | HM, Manoj Sir |
| 21 | September 5 | Teachers Day | | Annamma teacher, Mini Teacher |
| 22 | September 13 | Onam Celebrations | പൂക്കളം,ഓണപ്പാട്ട്,വടംവലി മത്സരങ്ങൾ, ഓണ സദ്യ | Sajini Teacher, Anil Sir |
| 23 | September 16 | ഓസോൺ ദിനം | Awareness Classes | Sinu Teacher, Sheeba Teacher |
| 24 | September 27 | ലോക വിനോദ സഞ്ചാര ദിനം | കൊളാഷ് നിർമാണം,വീഡിയോ പ്രദർശനം | Mini Teacher, Manoj Sir |
| 25 | September 29 | SRG Meeting | | HM, Manoj Sir |
| 26 | September 30 | CPTA | | HM, Sajini Teacher |
| 27 | September | Youth Festival | | Sajini Teacher, Mini Teacher |
| 28 | September | Sports | | Manoj Sir, Anil Sir |
| 29 | October 2 | ഗാന്ധി ജയന്തി | സ്കൂൾ/ വീട് പരിസര ശുചീകരണം | Mini Teacher, Preetha Teacher |
| 30 | October 8 | SRG Meeting | | HM, Manoj Sir |
| 31 | October | മേളകൾ | | Manoj Sir, Sheeba Teacher |

GBHSS PUTHUPPALLY

| | | | | |
|---|---|---|---|---|
| **32** | **November 1** | കേരളപ്പിറവി | ക്ലാസ്/ സ്കൂൾ മാഗസിൻ | **Annamma Teacher, Preetha Teacher** |
| **33** | **November 10-12** | **Second Mid Term Exam** | | **Manoj Sir, Sajini Sam** |
| **34** | **November 14** | ശിശു ദിനം | ആശംസ കാർഡ് നിർമാണം | **Sinu Teacher, Mini Teacher** |
| **35** | **November 17** | **SRG Meeting** | | **HM, Manoj Sir** |
| **36** | **November 18** | **PTA Meeting** | | **HM, Sajini Teacher** |
| **37** | **December 1** | എയ്ഡ്സ് ദിനം | ആരോഗ്യ ബോധവത്കരണം | **Sheeba Teacher, Sinu Teacher** |
| **38** | **December 3** | ഭിന്നശേഷി ദിനം | വീഡിയോ പ്രദർശനം | **Anil Sir, Annamma Teacher** |
| **39** | **December 10** | മനുഷ്യാവകാശ ദിനം | **Awareness Class, Poster Writing** | **Mini Teacher, Preetha Teacher** |
| **40** | **December 22** | ശ്രീനിവാസ രാമാനുജൻ ദിനം | **Maths Quiz/ Puzzles** | **Manoj Sir, Sinu Teacher** |
| **41** | **January 6** | **CPTA** | | **HM, Sajini Teacher** |
| **42** | **January 9** | **SRG Meeting** | | **HM, Manoj Sir** |
| **43** | **January 26** | റിപ്പബ്ലിക് ദിനം | സ്കൂൾ പത്രം,ക്വിസ് | **Mini Teacher, Anil Sir** |
| **44** | **February 28** | ദേശീയ ശാസ്ത്ര ദിനം | ശാസ്ത്ര വിജ്ഞാന പരീക്ഷ | **Sheeba Teacher, Sinu Teacher** |
| **45** | **March 3** | **SRG Meeting** | | **HM, Manoj Sir** |
| **46** | **March 8** | പഠനോത്സവം | | **Annamma Teacher, Sajini Teacher** |

GBHSS PUTHUPPALLY

## ഉപസംഹാരം

പുതുപ്പള്ളി ഗവൺമെന്റ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവോത്മകവും ഗുണമേന്മയുള്ളതുമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഈ ലക്ഷ്യം പൂർണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കുമെന്ന് നിസംശയം പറയാനാവും. പഠന പ്രവർത്തനങ്ങൾക്ക് അനുബന്ധമായ ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കുവാൻ അധ്യാപകരുടെയും രക്ഷിതാക്കളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കൂട്ടായ പ്രവർത്തനം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയും പ്രതീക്ഷയോടെയും ആണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്.

# നന്ദി

GBHSS PUTHUPPALLY